**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംയോജിത നീർത്തട പരിപാലന പരിപാടി - പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.1488/2014/തസ്വഭവ തിരുവനന്തപുരം, തീയതി. 11.06.2014

================================================================

പരാമർശം:- 1. സ.ഉ.(കൈ) നമ്പർ 240/2012/ത.സ്വ.ഭ.വ തീയതി: 22.09.2012.
2. ഗ്രാമവികസന കമ്മീഷണറുടെ 21/05/2014-ാം തീയതിയിലെ 43/എസ്.എൽ.എൻ.എ.2/13/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

2008-ൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള പൊതുമാർഗ്ഗനിർദ്ദേശങ്ങൾക്കും സംസ്ഥാന ഗവൺമെന്റ് ഇതിനോടകം നൽകിയിട്ടുള്ള ഉത്തരവുകൾക്കും അനുസൃതമായി സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പിലാക്കിവരുകയാണ് .ഈ പരിപാടിയിലെ ഏറ്റവും സുപ്രധാന ഘടകം നീർത്തട പ്രദേശങ്ങളിലെ പ്രകൃതി വിഭവങ്ങളുടെ പരിപാലനം (Natural Resource Management) ആണ്. പദ്ധതി തുകയുടെ 56% ഈ പ്രവർത്തനത്തിനായി നീക്കിവച്ചിരിക്കുന്നു. പദ്ധതിയുടെ പ്രാരംഭഘട്ടം പൂർത്തിയാക്കിയ പ്രൊജക്ടുകളിൽ പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ അടിയന്തിരമായി ഏറ്റെടുക്കേണ്ടതാണ്. ഇതിനായി താഴെപ്പറയുന്ന മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നു.

1. നീർത്തട പ്രദേശത്തെ പ്രകൃതിവിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ പരിപാലനവും പുനരുജ്ജീവനവും സാധ്യമാക്കുന്നതിന് ശാസ്ത്രീയവും, സൂക്ഷ്മവുമായ ഇടപെടലുകൾ നടത്തേണ്ടതാണ്. ഭൂമിയുടെ ഉപരിതലത്തിലെ ഫലഭൂയിഷ്ഠമായ മേൽമണ്ണിനെ സംരക്ഷിച്ചുനിർത്തുവാനും മഴയായി ഭൂമിയിൽ പതിക്കുന്ന ജലത്തെ മണ്ണിലേയ്ക്ക് പരമാവധി കിനിഞ്ഞിറങ്ങുവാൻ സഹായിക്കുന്നതുമായ പ്രവർത്തനങ്ങൾക്കാണ് ഇതിൽ മുൻഗണന നൽകേണ്ടത്. ഭൂമിയുടെ സസ്യാവരണം മെച്ചപ്പെടുത്തുന്ന തരത്തിൽ പൊതുഭൂമിയിലും സ്വകാര്യഭൂമിയിലും വൻതോതിൽ

ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനവും ഏറ്റെടുക്കേണ്ടതാണ്. കൂടാതെ പൊതു ആസ്തികളായ കുളങ്ങൾ, തണ്ണീർത്തടങ്ങൾ, കാവുകൾ, നീരുറവകൾ എന്നിവയെ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങളും നടത്താവുന്നതാണ്. പ്രകൃതി സൗഹാർദ്ദ പരമായ ഇടപെടലുകളിലൂടെയും പരമ്പരാഗതവും പ്രദേശികവുമായ അറിവുകൾ പരമാവധി പ്രയോജനപ്പെടുത്തിയും ആയിരിക്കണം നീർത്തടങ്ങളിലെ പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. സിമന്റ്, പാറ,മണൽ, സ്റ്റീൽ തുടങ്ങിയ സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൻ കീഴിൽ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമേ ഏറ്റെടുക്കുവാൻ പാടുള്ളു.

2) പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനായി ഓരോ ലഘു നീർത്തട പ്രദേശത്തേയും 1.മേൽത്തട്ട് (upper reaches), 2. ഇടത്തട്ട്(middle reaches) , 3.താഴെത്തട്ട് (lower reaches) എന്നിങ്ങനെ മൂന്നായി തിരിച്ച്, ഓരോ ഭാഗത്തിനും അനുയോജ്യമായ പ്രവൃത്തികൾ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഇതിനോടൊപ്പം തന്നെ നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമി അവയുടെ ഉടമസ്ഥതയുടേയും ഉപയോഗത്തിന്റെയും അടിസ്ഥാനത്തിൽ മൂന്നായി തിരിയ്ക്കാം.

എ) വ്യക്തികളുടെ കൈവശമുള്ള കൃഷിഭൂമി (Arable Land )

ബി) കൃഷിയ്ക്കുപയുക്തമായതോ, തരിശായി കിടക്കുന്നതോ ആയ പുറമ്പോക്കു ഭൂമി (Common land)

സി) പൊതു ഉടമസ്ഥതയിലുള്ള നീർച്ചാലുകൾ, തോടുകൾ, നീരുറവകൾ തുടങ്ങിയ ജലസ്രോതസ്സുകൾ മുതലായവ.

3) ഇതിനുപുറമേ, കാവുകൾ, കുളങ്ങൾ, മുതലായവയും നീർത്തടങ്ങളിൽ കണ്ടെത്താൻ കഴിയും. ഇവയും ഒന്നുകിൽ സ്വകാര്യ വ്യക്തികളുടെയോ ട്രസ്റ്റുകളുടേയോ അധീനതയിലോ അല്ലെങ്കിൽ പൊതുസ്വത്തായോ കാണപ്പെടും. സ്വകാര്യ വ്യക്തികളുടെയോ ട്രസ്റ്റുകളുടെയോ അധീനതയിലുള്ളതാണെങ്കിൽ അവയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഗുണഫലം പൊതുജനങ്ങൾക്ക്, അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കുറഞ്ഞത് അഞ്ചുവർഷത്തേക്കെങ്കിലും ലഭ്യമാക്കും എന്ന് ഉടമസ്ഥൻ രേഖാമൂലം ഉറപ്പുനൽകുന്നപക്ഷം അത്തരം ആസ്തികളെയും നമുക്ക് പൊതു ആസ്തികളായി കണക്കാക്കി ഈ പദ്ധതിയുടെ

കീഴിൽ പരിപാലിക്കാവുന്നതാണ്. ഇത്തരത്തിൽ ഉറപ്പ് നൽകിയശേഷം അത് ഉടമസ്ഥൻ പാലിക്കാതെ വന്നാൽ പദ്ധതിയുടെ ഭാഗമായി മുടക്കിയ തുക അയാളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരം ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിലേക്കോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്കോ കൈമാറണമെന്ന് നിർബന്ധിക്കേണ്ടതില്ല.

4) <u>പ്രകൃതി വിഭവപരിപാലനത്തിനായുള്ള ബഡ്ജറ്റ് വിഹിതം</u>;- പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനായി മൊത്തം പദ്ധതി തുകയുടെ 56%മാണ് നീക്കിവച്ചിട്ടുള്ളത്. ഈ തുക ഏറ്റവും ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്ന് നീർത്തടകമ്മിറ്റിയും ബ്ലോക്ക് പഞ്ചായത്തും ഉറപ്പുവരുത്തണം. ഇതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയും ആ പ്രദേശത്ത് നടപ്പിലാക്കുന്ന മറ്റ് പദ്ധതികളും ഇതുമായി സംയോജിപ്പിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5) <u>നീർത്തട വികസന ഫണ്ട്;- (WDF)</u> ;-സ്വകാര്യ ഭൂമിയിൽ പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ നീർത്തടവികസന ഫണ്ടിലേയ്ക്ക് (WDF) ഗുണഭോക്തൃവിഹിതമായി നിശ്ചിത തുക നൽകേണ്ടതാണ്. പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾ തങ്ങൾക്ക് ലഭിക്കുന്ന ധന സഹായത്തിന്റെ 10%-ഉം, പട്ടികജാതി/പട്ടികവർഗ്ഗം,, ചെറുകിട നാമമാത്രകർഷകർ എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ 5% തുകയുമാണ് ഗുണഭോക്തൃ ·വിഹിതമായി നീർത്തട വികസന ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടത്. ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ട തുകപണമായോ തത്തുല്യമായ അധ്വാനമായോ നൽകാവുന്നതാണ്. അധ്വാനമായി നൽകുന്ന പക്ഷം അതിനു തുല്യമായ തുക ബില്ലിൽ രേഖപ്പെടുത്തി പ്രോഗ്രാം ഫണ്ടിൽ നിന്നും പിൻവലിച്ച് നീർത്തട വികസന ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

6) ഇതിനുപുറമേ നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് മാത്രമായി നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രവൃത്തികൾ പൊതു ഭൂമിയിലോ ആസ്തികളിലോ ഏറ്റെടുക്കുമ്പോൾ അത്തരം ഗുണഭോക്താക്കളിൽ നിന്നും ആകെ തുകയുടെ പരമാവധി 5% യൂസർ ചാർജ്ജായി ഈടാക്കി നീർത്തടവികസന ഫണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. ഏതൊക്കെ പ്രവൃത്തികൾക്ക് ഇപ്രകാരം യൂസർചാർജ്ജ് ഈടാക്കണമെന്ന് നിർത്തട കമ്മിറ്റി തീരുമാനിക്കേണ്ടതും ആയതിന് നീർത്തട സഭയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ ഭൂരഹിതർ,

അഗതികൾ, ഭിന്നശേഷിയുള്ളവർ/വിധവകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരെ യൂസർചാർജ്ജിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

## എസ്റ്റിമേറ്റുകൾ തയ്യാറാക്കലും സാങ്കേതികാനുമതിയും

7) പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന ചുമതല നീർത്തട വികസന ടീമിലെ എൻജിനീയർക്കായിരിക്കും. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് നിലവിലുള്ള പൊതുമരാമത്ത് നിരക്കുകൾ, മണ്ണ് സംരക്ഷണ വകുപ്പിന്റെ അംഗീകൃത നിരക്കുകൾ, കൃഷിവകുപ്പിന്റെ അംഗീകൃത നിരക്കുകൾ എന്നിവയെ അതത് പ്രവൃത്തിയുടെ സ്വഭാവമനുസരിച്ച് ആസ്പദമാക്കാവുന്നതാണ്. വനാതിർത്തിക്കുള്ളിൽ നടപ്പിലാക്കുന്ന പ്രവൃത്തിക്ക് വനംവകുപ്പിന്റെ അംഗീകൃത നിരക്കുകളെ അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. നീർത്തട പ്രദേശത്തെ സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന തരത്തിൽ ജനകീയ എസ്റ്റിമേറ്റും തയ്യാറാക്കിയിരിക്കണം. നിലവിൽ അംഗീകൃത നിരക്കുകൾ ലഭ്യമല്ലാത്ത പ്രവൃത്തികൾക്ക് 27.03.2014ലെ സർക്കാർ ഉത്തരവ് നമ്പർ 898/2014/തസ്വഭവ പ്രകാരം പ്രാദേശിക നിരക്കുകൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ്.

8) തദ്ദേശസ്വയംഭരണ വകുപ്പിലെ ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്ന നടപടിക്രമം ഈ പദ്ധതിയ്ക്കും അവലംബിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർമാർ, ബ്ലോക്കിലെ അസിസ്റ്റന്റ് എജിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ, ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ നിലവിലെ മറ്റു മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്ന രീതിയിൽ ഈ പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത പ്രവൃത്തികൾക്കും സാങ്കേതിക അനുതി നൽകേണ്ടതാണ്. കൂടാതെ 11.02.2014 ലെ സർക്കാർ ഉത്തരവ് നമ്പർ 36/14/തസ്വഭവ -ൽ പരാമർശിച്ചിട്ടുള്ള പ്രകാരം നീർത്തട വികസന ടീമിലെ അസിസ്റ്റന്റ് എഞ്ചിനീയർമാക്കും സാങ്കേതിക അനുമതി നൽകാവുന്നതാണ്. ഒന്നിലധികം പ്രോജക്ടുകളുള്ള ബ്ലോക്കുകളിലെ നീർത്തട വികസന ടീമിലെ ഡിപ്ലോമ/ഡിഗ്രി എൻജിനീയർമാർക്ക് എസ്റ്റിമേറ്റ് എടുക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ധനപരമായ അധികാര പരിധിക്കു വിധേയമായി ചുമതലാ വിഭജനം നടത്തി നൽകാവുന്നതാണ്.

അംഗീകൃത യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്ന പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ആവശ്യമില്ല.

## പൊതു ഭൂമിയിലും ആസ്തികളിലും പ്രവൃത്തികൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടിക്രമം

9) പൊതുഭൂമിയിലും ആസ്തികളിലും പ്രകൃതി വിഭവ പരിപാലനത്തിനായി വിശദമായ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇപ്രകാര പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമുമ്പ് പ്രസ്തുത പ്രവൃത്തി ആ പ്രദേശത്തിന് അനുയോജ്യവും പ്രയോജനപ്രദവുമാണോ എന്ന് നീർത്തട വികസന ടീമിന്റെ സാങ്കേതിക സഹായത്തോടെ നീർത്തട കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പ്രകൃതി വിഭവങ്ങളുടെ അമിതമായ ദുരുപയോഗത്തിനു കാരണമാകുന്നതും, മണ്ണ്- ജല സംരക്ഷണത്തിന് കാര്യമായ പ്രയോജനം നൽകാത്തതുമായ പ്രവൃത്തികൾ (ഉദാഹരണത്തിന്, കുളങ്ങളുടെയും തോടുകളുടെയും വശങ്ങൾ കെട്ടുന്നത്) പരമാവധി ഒഴിവാക്കേണ്ടതാണ്.

10) പൊതു ഭൂമിയിലും ആസ്തികളിലും ഏറ്റെടുക്കേണ്ട പ്രവൃത്തികൾ, മേൽത്തട്ട്, ഇടത്തട്ട്, താഴ്ത്തട്ട് എന്ന മുൻഗണനാക്രമത്തിൽ മാത്രമേ നടപ്പിലാക്കുവാൻ പാടുള്ളൂ. ഓരോ തട്ടിലും വരുന്ന പ്രവൃത്തികൾ നീർത്തട കമ്മിറ്റി പ്രകൃതി വിഭവ പരിപാലനത്തിനായി ഒരു സ്കീം രജിസ്റ്റർ തയ്യാറാക്കി അതിൽ രേഖപ്പെടുത്തേണ്ടതാണ്.

11) പൊതുഭൂമിയിലും ആസ്തികളിലും ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ടി പ്രവൃത്തികളുടെ ഗുണഫലം നേരിട്ട് ലഭിക്കുന്ന ഗുണഭോക്തൃ കുടുംബങ്ങളിലെ അംഗങ്ങളെ ഉൾപ്പെടുത്തി യൂസർ ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. ഓരോ യൂസർഗ്രൂപ്പിലും 7ൽ കുറയാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽനിന്നും. യൂസർ ഗ്രൂപ്പിന് ഒരു പ്രസിഡന്റിനേയും സെക്രട്ടറിയേയും തെരഞ്ഞെടുക്കേണ്ടതുമാണ്. യൂസർ ഗ്രൂപ്പിന്റെ പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മുമ്പ് നീർത്തട കമ്മിറ്റിയും യൂസർഗ്രൂപ്പും തമ്മിൽ അതു സംബന്ധിച്ച കരാറിൽ ഏർപ്പെടേണ്ടതാണ്. ഇതിനുപുറമേ യൂസർ ഗ്രൂപ്പുകൾ നീർത്തട കമ്മിറ്റിയുമായി വിഭവ ഉപയോഗ കരാറും (Resource use Agreement) ഒപ്പുവക്കേണ്ടതാണ്.

12) പൊതുഭൂമിയിലും ആസ്തികളിലും പ്രവൃത്തികൾ സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹിക്കേണ്ടതിന്റെ ഉത്തരവാദിത്വം യൂസർ ഗ്രൂപ്പുകളിൽ നിക്ഷിപ്തമായിരിക്കും. യൂസർ ഗ്രൂപ്പുകൾ ആവശ്യപ്പെടുന്ന പക്ഷം, എസ്റ്റിമേറ്റ് തുകയുടെ 25% ൽ അധികരിക്കാത്ത തുക,, പരമാവധി ഒരു ലക്ഷം രൂപ എന്ന പരിധിക്കുവിധേയമായി മൊബിലൈസേഷൻ അഡ്വാൻസായി യൂസർ ഗ്രൂപ്പുകൾക്ക് നീർത്തട കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ നീർത്തട കമ്മിറ്റി സെക്രട്ടറി നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് നൽകുമ്പോൾ പ്രവൃത്തി സമയബന്ധിതമായി തീർപ്പാക്കണമെന്നുള്ള കരാർ ഉടമ്പടി യൂസർ ഗ്രൂപ്പിൽ നിന്നും വാങ്ങേണ്ടതാണ്. മുൻകൂർ തുക ദുരുപയോഗം ചെയ്യുന്ന യൂസർ ഗ്രൂപ്പുകൾക്കെതിരെ ആവശ്യമായ നിയമ നടപടി നീർത്തട കമ്മിറ്റി സ്വീകരിക്കേണ്ടതും നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

13) യൂസർ ഗ്രൂപ്പുകൾ പ്രവൃത്തി ഏറ്റെടുത്ത് നിർവ്വഹണം പുരോഗമിക്കുന്ന ഘട്ടത്തിൽ ആവശ്യമെങ്കിൽ ഇടക്കാല ധനസഹായം (Part Payment) നൽകാവുന്നതാണ്. പ്രവൃത്തിയുടെ നിർവ്വഹണം പൂർത്തിയായിക്കഴിഞ്ഞാൽ WDT എൻജിനീയർ അളവുകൾ രേഖപ്പെടുത്തി ബില്ല് തയ്യാറാക്കി ചെക്ക് മെഷൻമെന്റിന് ബന്ധപ്പെട്ട എൻജിനീയർക്ക് സമർപ്പിക്കേണ്ടതാണ്. ചെക്ക് മെഷർമെന്റ് പൂർത്തിയാകുന്ന മുറയ്ക്ക്, ബില്ല് നിർത്തട കമ്മിറ്റിയുടെ ശുപാർശയോടെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മെഷർമെന്റ് /ചെക്ക് മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ ബില്ലുകൾ പാസ്സാക്കേണ്ടതും നീർത്തട കമ്മിറ്റിക്ക് തിരികെ നൽകേണ്ടതുമാണ്. ഇതു ലഭിച്ചു കഴിഞ്ഞാൽ നീർത്തട കമ്മിറ്റി, സെക്രട്ടറി യൂസർ ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് നേരിട്ടോ ചെക്കുമുഖാന്തിരമോ തുക നൽകേണ്ടതാണ്. നിയമാനുസൃതം കിഴിവ് ചെയ്യേണ്ട നികുതി, ക്ഷേമനിധി തുകകൾ ബന്ധപ്പെട്ട നീർത്തട കമ്മിറ്റിയുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറിയുടെ പേരിൽ നൽകേണ്ടതും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ അതത് വകുപ്പുകൾ/ഏജൻസികൾക്ക് പ്രസ്തുത തുക അടക്കേണ്ടതുമാണ്.

## സ്വകാര്യ ഭൂമിയിൽ പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടിക്രമം

14) ഓരോ സ്വകാര്യ വ്യക്തിയുടേയും ഭൂമിയിൽ ഏറ്റെടുക്കാനായി DPR–ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും എത്ര അളവിലാണെന്നും നീർത്തട കമ്മിറ്റികൾ കണ്ടെത്തണം.

15) പ്രദേശത്തിലെ ഭൂമിയുടെ ചരിവ്, മണ്ണിന്റെ പ്രത്യേകതകൾ, കൃഷി രീതികൾ, നിലവിലുള്ള സ്ഥിതി എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികൾ പ്രയോഗികവും ഫലപ്രദവും ആണോ എന്ന് നീർത്തട വികസന ടീമിന്റെ സാങ്കേതിക സഹായത്തോടെ നീർത്തട കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കണം.

16) ഓരോ വ്യക്തിയിൽ നിന്നും തന്റെ കൃഷി ഭൂമിയിൽ പ്രവൃത്തികൾ ചെയ്യുന്നതിനായി നിശ്ചിത ഫാറത്തിൽ നീർത്തട കമ്മിറ്റി അപേക്ഷ സ്വീകരിക്കേണ്ടതാണ്. ഇതിനാവശ്യമായ അപേക്ഷാ ഫാറങ്ങൾ പി.ഐ.എ. അച്ചടിച്ച് നീർത്തട കമ്മിറ്റിക്ക് നൽകണം. എസ്റ്റിമേറ്റ് തുകയ്ക്ക് ആനുപാതികമായി ഡബ്ലിയു.ഡി.എഫ് വിഹിതം അടച്ചുകൊള്ളാമെന്നുള്ള ഉറപ്പും, അധ്വാനമായാണ് ഡബ്ലിയു.ഡി.എഫ് വിഹിതം നൽകുന്നതെങ്കിൽ പ്രസ്തുത വിവരവും അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

17) നീർത്തടത്തിൽ ഇപ്രകാരം ഏറ്റെടുക്കേണ്ട മൊത്തം പ്രവൃത്തികളുടെയും അപേക്ഷകൾ ഒരുമിച്ച് നീർത്തട കമ്മിറ്റി സ്വീകരിക്കേണ്ടതും, അപേക്ഷകന്റെ ഭൂമി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ കിടപ്പിന്റെ അടിസ്ഥാനത്തിൽ മേൽത്തട്ട് പരിധിയിൽ വരുന്നവ, മദ്ധ്യഭാഗത്ത് വരുന്നവ, താഴെത്തട്ടിൽ വരുന്നവ എന്നിങ്ങനെ തരം തിരിക്കേണ്ടതുമാണ്.

18) ഓരോ തട്ടിലും വരുന്ന അപേക്ഷകൾക്ക് അടുത്തടുത്ത് വരുന്ന ഭൂമിയുടെ അടിസ്ഥാനത്തിൽ ഒന്ന്, രണ്ട്, മൂന്ന്, എന്നീ ക്രമത്തിൽ നമ്പരുകൾ നൽകണം. ( PIA യുടെ പേരിന്റെ രണ്ടക്ഷരം നീർത്തടത്തിന്റെ പേരിന്റെ ആദ്യ രണ്ടക്ഷരം, ക്രമനമ്പർ, UR,MR,LR എന്നിവയിൽ ഒന്ന് ) എന്ന ക്രമത്തിലാവണം നമ്പർ നൽകേണ്ടത്.

19) പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ മേൽപ്പറഞ്ഞ തരംതിരിവിന്റെ അടിസ്ഥാനത്തിൽ **(category wise& reach wise)** പ്രകൃതി വിഭവ പരിപാലനത്തിനായുള്ള സ്കീം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിനാവശ്യമായ രജിസ്റ്ററുകൾ പി.ഐ.എ. ഓരോ നീർത്തട കമ്മിറ്റിക്കും നൽകേണ്ടതാണ്.

20) തുടർന്ന് ലഭ്യമായിട്ടുള്ള വ്യക്തിഗത അപേക്ഷകളെല്ലാം തന്നെ അതിന്റെ ക്രമനമ്പർ പ്രകാരം അടുത്തടുത്തുള്ള ഭൂമി ഒരുമിച്ച് ഉൾപ്പെടുത്താൻ കഴിയുന്ന വിധത്തിൽ 15-20 വരെയുള്ള ഗുണഭോക്തൃ ഗ്രൂപ്പുകളായി തിരിക്കുക.

21) ഇതനുസരിച്ച് നീർത്തട കമ്മിറ്റി, ഡബ്ലിയു.ഡി.റ്റി. എഞ്ചിനീയർ എന്നിവർ സംയുക്തമായി പ്രവൃത്തി നിർവ്വഹണത്തിനുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കണം. ഓരോ വ്യക്തിയുടെയും ഭൂമിയിൽ ഏത് വർഷമാണ് പദ്ധതി നടപ്പാക്കുന്നതെന്ന വിവരവും കർമ്മ പദ്ധതിയിൽ ഉണ്ടാവണം.

22) മേൽ തട്ട്, ഇടത്തട്ട്, താഴ്ത്തട്ട് എന്നീ മുൻഗണനാക്രമത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതാണ്. ഓരോ അപേക്ഷകന്റെയും ഭൂമിയിൽ . ഡി.പി.ആർ അനുസരിച്ച് നടത്താവുന്ന പ്രവൃത്തികൾ , എസ്റ്റിമേറ്റ് തുക, നീർത്തട വികസന ഫണ്ടിലേയ്ക്ക് ഗുണഭോക്താക്കൾ അടയ്ക്കേണ്ട വിഹിതം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ എസ്റ്റിമേറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. 15-20 വരെ ഗുണഭോക്താക്കളെ ഗ്രൂപ്പ് ആയി തിരിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രോജക്ടുകളായി വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ നിർദ്ദേശിക്കുമ്പോൾ അവ ആപ്രദേശത്തിന് അനുയോജ്യമായവയും, ആവശ്യാധിഷ്ഠിതവും മുടക്കുന്ന തുകയ്ക്ക് ആനുപാതികവുമായ പ്രയോജനം ലഭിക്കുന്നവയും ആയിരിക്കുവാൻ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്. പ്രവൃത്തികൾ തിരഞ്ഞെടുക്കാനും തയ്യാറാക്കാനും, മേൽനോട്ടം വഹിക്കാനും തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയർമാർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എൻജിനീയർ തുടങ്ങിയവരുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

23) ഇപ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളുടെ കൂടി അടിസ്ഥാനത്തിൽ ഒരു പ്രകൃതി വിഭവ പരിപാലന നിർവ്വഹണ പ്ലാൻ തയ്യാറാക്കണം. ഡബ്ലിയു.ഡി.റ്റി. അംഗങ്ങൾ, നീർത്തട കമ്മിറ്റി എന്നിവർ സംയുക്തമായാണ് പ്രസ്തുത നിർവ്വഹണ പ്ലാൻ തയ്യാറാക്കേണ്ടത്.

24) ഇപ്രകാരമുള്ള പ്രകൃതി വിഭവ പരിപാലന കർമ്മ പദ്ധതിയിൽ നിന്നും നീർത്തട എൻജിനീയർ മുകൾത്തട്ടിൽ നിന്നും താഴോട്ട് **(ridge to valley)** എന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകി ഓരോ വർഷവും ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കണം. പൊതു ഭൂമിയിലും ആസ്തികളിലും ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികളും ഈ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

25) ഈ പട്ടികയും ഒപ്പം ലഭിച്ച അപേക്ഷകളും നീർത്തടകമ്മിറ്റി പരിശോധിച്ച് ശുപാർശ സഹിതം നീർത്തട വികസന ടീം മുഖാന്തിരം പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കണം. ബ്ലോക്ക് പഞ്ചായത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇവ സാങ്കേതിക അനുമതിക്കായി സമർപ്പിക്കണം.

26) സാങ്കേതിക അനുമതി ലഭിച്ചുകഴിഞ്ഞാൽ ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ പട്ടികയും അംഗീകരിച്ച അപേക്ഷകളുടെ ലിസ്റ്റും നീർത്തട കമ്മിറ്റി പ്രസിദ്ധീകരിക്കേണ്ടതാണ്. ഓരോ അപേക്ഷകന്റെ വിവരങ്ങളും അവിടെ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ, എസ്റ്റിമേറ്റ് തുകയും ഗുണഭോക്താവ് നീർത്തട വികസന പദ്ധതിയ്ക്ക് അടയ്ക്കേണ്ട തുകയും ഈ തുക അടയ്ക്കേണ്ട അവസാന തീയതിയും ഇപ്രകാരം പ്രസിദ്ധീകരിക്കേണ്ടതാണ്.

27) പ്രവൃത്തികളുടെ നിർവ്വഹണം ഓരോ ഗുണഭോക്താവിനും വേണ്ടി നടത്തുന്നത് ഖണ്ഡിക 20ൽ പരാമർശിച്ച 15-20 പേരടങ്ങുന്ന ഗുണഭോക്തൃ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആയിരിക്കും. നീർത്തട കമ്മിറ്റിയുമായി ബന്ധപ്പെടുന്നതിനും, പ്രവൃത്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുംവേണ്ടിയാണ് ഗുണഭോക്തൃ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഓരോ ഗുണഭോക്തൃ ഗ്രൂപ്പിനും ഒരു സെക്രട്ടറിയേയും, കൺവീനറേയും തിരഞ്ഞെടുക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ ഗുണഭോക്താവും നീർത്തട കമ്മിറ്റിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

28) ഡബ്ലിയു.ഡി.എഫ് -ൽ ഒടുക്കേണ്ട തുക വ്യക്തി നേരിട്ടോ, ഗ്രൂപ്പ് ഭാരവാഹി മുഖാന്തിരമോ നീർത്തട കമ്മിറ്റി സെക്രട്ടറിയുടെ മുമ്പാകെ അടയ്ക്കേണ്ടതാണ്. നീർത്തട കമ്മിറ്റി സെക്രട്ടറി ഇപ്രകാരം ലഭിക്കുന്ന തുകയ്ക്ക് രസീത് നൽകേണ്ടതും പ്രസ്തുത തുക നീർത്തട വികസന ഫണ്ട് അക്കൗണ്ടിൽ അടയ്ക്കേണ്ടതുമാണ്. ഡബ്ലിയു.ഡി.എഫ് അദ്ധ്വാനമായി നൽകുന്ന സാഹചര്യങ്ങളിൽ അദ്ധ്വാനത്തിന്റെ മൂല്യത്തിന് തുല്യമായ തുക പ്രോജക്ട് ഫണ്ടിൽ നിന്നും പിൻവലിച്ച് നീർത്തട വികസന ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഓരോ പ്രോജക്ടിലെയും മുഴുവൻ ഗുണഭോക്താക്കളുടെയും ഡബ്ലിയു.ഡി.എഫ് - വിഹിതം ഉറപ്പാക്കിയ ശേഷം മാത്രമേ പ്രവർത്തി ആരംഭിക്കാനുള്ള അനുവാദം നൽകാൻ പാടുള്ളു.

29) പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിനു മുമ്പുതന്നെ ചെയ്യാൻ പോകുന്ന പ്രവൃത്തിയെ സംബന്ധിച്ചും അതിന്റെ ഗുണഫലങ്ങളെസംബന്ധിച്ചും അപേക്ഷകരുടെയിടയിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

30) അപേക്ഷകരുടെ ആവശ്യപ്രകാരം, ചെയ്ത പ്രവൃത്തികളുടെ മൂല്യനിർണ്ണയും (valuation) ഡബ്ലിയു.ഡി.റ്റി എഞ്ചിനീയർ നടത്തി അതിന്റെ അടിസ്ഥാനത്തിൽ നീർത്തട കമ്മിറ്റി ഇടക്കാലധനസഹായം (Part payment) നൽകേണ്ടതാണ്.

31) ഓരോ അപേക്ഷകന്റെയും ഭൂമിയിൽ ചെയ്ത പ്രവൃത്തികൾ ഡബ്ലിയു.ഡി.റ്റി എഞ്ചിനീയർ ഗുണഭോക്താക്കൾക്ക് അളന്ന് ഒരു അളവു പുസ്തകത്തിൽ (Measurment book) രേഖപ്പെടുത്തി ബന്ധപ്പെട്ട എൻജിനീയർക്ക് ചെക്ക് മെഷർമെന്റിന് നൽകേണ്ടതാണ്.

32) ബന്ധപ്പെട്ട എൻജിനീയർ ചെക്ക് മെഷർമെന്റ് ചെയ്ത് അളവുപുസ്തകം (Measurment book) തിരികെ ലഭിക്കുന്ന മുറയ്ക്ക് ഡബ്ലിയു.ഡി.റ്റി എഞ്ചിനീയർ ഗുണഭോക്താക്കൾക്ക് നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം നീർത്തട കമ്മിറ്റിയുടെ ശുപാർശയോടെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം.

33) അംഗീകൃത യൂണീറ്റ് കോസ്റ്റ് അടിസ്ഥാനത്തിൽ ചെയ്യുന്ന പ്രവൃത്തികൾക്ക് ഡബ്ലിയു.ഡി.റ്റി എഞ്ചിനീയർ തന്നെ മൂല്യനിർണ്ണയം നടത്തി പി.ഐ.എ.യുടെ ഒപ്പും, സീലുമുള്ള ഒരു ഫീൽഡു ബുക്കിൽ-രേഖപ്പെടുത്തണം. ഇത് ചെക്ക് മെഷർമെന്റിന്

വിധേയമാക്കേണ്ടതില്ല. ഈ ഫീൽഡു ബുക്കും മെഷർമെന്റു ബുക്കും നീർത്തട കമ്മിറ്റിയുടെ അംഗീകാരത്തോടെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

34) ബ്ലോക്കുപഞ്ചായത്ത് സെക്രട്ടറി മെഷർമെന്റ്/ചെക്ക് മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ ബില്ലുകൾ പാസ്സേക്കേണ്ടതും ആയത് നീർത്തട കമ്മിറ്റിയ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

35) നീർത്തട കമ്മിറ്റിയിൽ ഇതു ലഭിച്ചു കഴിഞ്ഞാൽ നീർത്തട കമ്മിറ്റി സെക്രട്ടറി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ടോ അല്ലെങ്കിൽ ചെക്ക് മുഖാന്തിരമോ തുക നൽകേണ്ടതാണ്. നിയമാനുസൃതം കിഴിവ് ചെയ്യേണ്ട നികുതി, ക്ഷേമനിധി തുകകൾ ബന്ധപ്പെട്ട നീർത്തട കമ്മിറ്റിയുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നൽകേണ്ടതും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ അതത് വകുപ്പുകൾ/ഏജൻസികൾക്ക് പ്രസ്തുത തുക അടക്കേണ്ടതുമാണ്. സ്വകാര്യഭൂമിയിൽ അതത് ഗുണഭോക്താക്കൾ നേരിട്ട് നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് മൂല്യവർദ്ധിത നികുതിയോ ആദായ നികുതിയോ ഈടാക്കേണ്ടതില്ല.

## പൊതു നിർദ്ദേശങ്ങൾ

36) പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ ഗുണഭോക്തൃ ഗ്രൂപ്പുകൾ നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് അഭികാമ്യം. പ്രദേശികമായി ലഭ്യമായ തൊഴിലാളികളുടെ സേവനവും പ്രയോജനപ്പെടുത്തേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ സേവനവും ഇതിനായി പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

37) പ്രവൃത്തികളുടെ നിർവ്വഹണം മേൽത്തട്ടിൽ നിന്നും താഴോട്ട് (from upper to lower reaches)എന്ന ക്രമത്തിൽ ഒറ്റയായോ, കൂട്ടമായോ നടപ്പിലാക്കാവുന്നതാണ്. ഇടനിലക്കാരേയും, കരാറുകാരേയും പൂർണ്ണമായും പദ്ധതിനിർവ്വഹണത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ആവശ്യമായി വരുമ്പോൾ അവരെ യൂസർ ഗ്രൂപ്പു തന്നെ. കണ്ടെത്തി പ്രവൃത്തിയെടുപ്പിക്കേണ്ടതാണ്.

38) പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക ഇടപാടുകളും നീർത്തട കമ്മിറ്റിയുടെ അംഗീകാരത്തോടെ മാത്രമേ നടത്തുവാൻ പാടുള്ളു.

39) ഗുണഭോക്താക്കൾക്കുള്ള ധനസഹായം പ്രാദേശികമായി വിളിച്ചുകൂട്ടുന്ന ചടങ്ങുകളിൽവച്ച് മറ്റുള്ളവരുടെ കൂടി സാന്നിധ്യത്തിൽ നടത്തുന്നതാകും അഭികാമ്യം.

40) പ്രവൃത്തികളുടെ നിർവ്വഹണം നടത്തുമ്പോൾ നീർത്തടവികസന ടീം എൻജിനീയർ ഓരോ ഘട്ടത്തിലും മേൽനോട്ടം വഹിച്ചിരിക്കണം. കൂടാതെ നീർത്തടകമ്മിറ്റിയും ബ്ലോക്ക് പഞ്ചായത്തും പ്രവൃത്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്.
ഡബ്ലിയു.സി.ഡി.സിയും മോണിറ്ററിംഗിന്റെ ഭാഗമായി പ്രവൃത്തികൾ പരിശോധിക്കേണ്ടതാണ്.

41) നടപ്പിലാക്കിയ ഓരോ പ്രവൃത്തിയും അതിന്റെ യഥാർത്ഥ ചെലവ്, ഗുണഭോക്തൃവിഹിതം മുതലായ വിവരങ്ങൾ സഹിതം നീർത്തട കമ്മിറ്റി സെക്രട്ടറി സ്കീം രജിസ്റ്ററിൽ രേഖപ്പെടുത്തണം. ഓരോ ഗുണഭോക്താവിനും ആനുകൂല്യം നൽകുമ്പോൾ ഗുണഭോക്തൃ വിഹിതം ഡബ്ലിയു.ഡി.എഫ് -ൽ അടച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## മറ്റു പദ്ധതികളുമായുള്ള സംയോജനം

42) പൊതുഭൂമിയിലും സ്വകാര്യഭൂമിയിലും പദ്ധതി നടപ്പിലാക്കുമ്പോൾ പഞ്ചായത്ത് നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുമായോ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായോ അല്ലെങ്കിൽ മറ്റു സമാന പദ്ധതികളുമായോ ഉള്ള സംയോജന സാധ്യതകൾ ആവശ്യാനുസരണം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ ഓരോ അപേക്ഷയിലും നീർത്തട വികസന ടീം എൻജിനീയർ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അതിൻ പ്രകാരം സംയോജനസാധ്യതകൾ ഉറപ്പുവരുത്തുവാൻ നീർത്തട കമ്മിറ്റികളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യമായ മുൻകൈ എടുക്കേണ്ടതാണ്.

## ഡോക്യുമെന്റേഷൻ

43) പ്രകൃതി വിഭവ പരിപാലന പ്രവൃത്തികളുടെ വിശദമായ ഡോക്യുമെന്റേഷൻ നീർത്തട കമ്മിറ്റിയും പദ്ധതി നിർവ്വഹണ ഏജൻസിയും ഉറപ്പുവരുത്തേണ്ടതാണ്. ഏറ്റെടുക്കുന്ന എല്ലാ

പ്രവൃത്തികളുടെയും മൂന്ന് ഘട്ടങ്ങളിലെയും (തുടങ്ങുന്നതിന് മുൻപ്, പ്രവൃത്തി നടക്കുമ്പോൾ, പൂർത്തിയായ ശേഷം) ഫോട്ടോ ജി.പി.എസ്. സംവിധാനമുള്ള മൊബൈൽഫോൺ/ ക്യാമറ ഉപയോഗിച്ച് എടുത്ത് സൂക്ഷിക്കേണ്ടതും ആവശ്യാനുസരണം നിർദ്ദേശിക്കപ്പെടുന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

44) പദ്ധതിയെ സംബന്ധിച്ച എല്ലാ വിശദാംശങ്ങളും അടങ്ങുന്ന രേഖകളും ഫയലുകളും പദ്ധതി നിർവ്വഹണ ഏജൻസി സൂക്ഷിക്കേണ്ടതാണ്.

45) പ്രവൃത്തിയെ സംബന്ധിച്ച വിശദാംശങ്ങൾ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രദർശിപ്പിക്കേണ്ടതാണ്.

## സോഷ്യൽ ആഡിറ്റ്

46) പൊതുഭൂമിയിലും സ്വകാര്യ ഭൂമിയിലും ഏറ്റെടുക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ, അംഗീകരിക്കപ്പെട്ട അപേക്ഷകരുടെ ലിസ്റ്റ്, ലഭ്യമാക്കിയ ധനസഹായം, ഓരോ അപേക്ഷകനും നീർത്തട വികസന ഫണ്ടിലേയ്ക്ക് അടച്ച തുക, ഏറ്റെടുത്ത പ്രവൃത്തികൾ കൊണ്ടുണ്ടായ ഗുണഫലങ്ങൾ തുടങ്ങിയ വിവരങ്ങൾ നീർത്തട ഗ്രാമസഭയ്ക്കുമുമ്പാകെ സോഷ്യൽ ആഡിറ്റിംഗിനായി സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ.രാജൻ ഖോബ്രാഗഡെ,
സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി, തിരുവനന്തപുരം.
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (ഗ്രാമവികസന കമ്മീഷണർ മുഖേന)
5. എല്ലാ ജില്ലാ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എല്ലാ മെമ്പർമാർക്കും (SLNA), (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ